## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 4829** **04.07.2012- ൽ മറുപടിക്ക്**

## കൃഷി അസിസ്റ്റന്റ് ഗ്രേഡ് II സ്പെഷ്യൽ റിക്രൂട്ട്മെന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. രാജു | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കൃഷി അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയ്ക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റി-നുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ഇപ്പോഴത്തെ നിയമന അവസ്ഥ അറിയിക്കുമോ; | (എ) അഗ്രികൾച്ചറൽ അസിസ്റ്റന്റ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) തസ്തികയുടെ റാങ്ക് ലിസ്റ്റ് 15.11.2011-ൽ നിലവിൽ വന്നതിൽ നിന്നും 115 ഉദ്യോഗാർത്ഥികളെ (എസ്.സി-65, എസ്.റ്റി-50) നിയമന ശിപാർശ നടത്തിയിട്ടുണ്ട്. ഒരു എസ്.റ്റി. യുടെ ഒഴിവ് ഉദ്യോഗാർത്ഥിയുടെ അഭാവം മൂലം പുന:വിജ്ഞാപനം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റൊഴിവുകളൊന്നും നികത്താൻ ബാക്കി-യില്ല. |
| (ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടി-ട്ടുള്ളവർ ഈ തസ്തികയുടെ ജനറൽ റിക്രൂട്ട്മെന്റ് പ്രകാരമുള്ള മെയിൻ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കു പകരം സപ്ലിമെന്ററി ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ; | (ബി) അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികയുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് - റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഒരു ഉദ്യോഗാർത്ഥി ടി തസ്തികയുടെ ജനറൽ റിക്രൂട്ട്മെന്റിന്റെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാറില്ല. അഥവാ അത്തര- |

| | | | |
|---|---|---|---|
| | | | ത്തിൽ ഉൾപ്പെട്ടിരുന്നാലും ടിയാളെ ഒഴിവാക്കി സപ്ലിമെന്ററി ലിസ്റ്റിലുള്ളവർക്ക് നിയമന ശിപാർശ നൽകുവാൻ നിലവിൽ വ്യവസ്ഥ ഇല്ല. |
| (സി) | മതിയായ എണ്ണം പട്ടികജാതി വിഭാഗക്കാർ പ്രസ്തുത മെയിൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | മുൻ തിരഞ്ഞെടുപ്പിൽ നടന്ന നിയമന ശിപാർശ, നിലവിലുള്ള ഒഴിവുകൾ ഇവയുടെ എണ്ണം കണക്കിലെടുത്താണ് ഒരു റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിക്കുന്നത്. ടി ലിസ്റ്റിന് ആനുപാതികമായ സപ്ലിമെന്ററി ലിസ്റ്റും തയ്യാറാക്കിയാണ് റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാറുള്ളത്. സംവരണക്കാരുടെ കുറവ് മെയിൻ ലിസ്റ്റിലുണ്ടായാൽ അത് പരിഹരിക്കുന്നതിനു വേണ്ടിയാണ് ആവശ്യമുള്ള എണ്ണം ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി സപ്ലിമെന്ററി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ